# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3613** **15.05.2017-ൽ മറുപടിയ്ക്ക്**

## പി.ഡബ്ല്യൂ.ഡി ഏറ്റെടുക്കുന്ന ഗ്രാമീണ റോഡുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.ഡി. പ്രസേനൻ | | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) | |
| (എ) | തദ്ദേശ സ്ഥാപനങ്ങൾക്ക്പ്രവൃത്തി ഏറ്റെടുക്കാൻ കഴിയാത്തതും വിവിധ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്നതും ബസ് സർവ്വീസ് നടത്തുന്നതുമായ പ്രധാനപ്പെട്ട ഗ്രാമീണ റോഡുകൾ പി.ഡബ്ല്യൂ.ഡി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | തദ്ദേശ സ്ഥാപനങ്ങൾക്ക്പ്രവൃത്തി ഏറ്റെടുക്കാൻ കഴിയാത്തതും വിവിധ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്നതും ബസ് സർവ്വീസ് നടത്തുന്നതുമായ പ്രധാനപ്പെട്ട ഗ്രാമീണ റോഡുകൾ പി.ഡബ്ല്യൂ.ഡി ഏറ്റെടുക്കുന്ന കാര്യം ഫണ്ടിന്റെ ലഭ്യതയുടെ അടിസ്ഥാനത്തിൽ പരിശോധിക്കാവുന്നതാണ്. |
| (ബി) | ഗ്രാമീണ റോഡുകൾ ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും മാനദണ്ഡങ്ങൾ നിലവിലുണ്ടോ; | (ബി) | ഗ്രാമീണ റോഡുകൾ എം.ഡി.ആർ ആക്കി അപ്ഗ്രേഡ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് മാനദണ്ഡങ്ങൾ നിലവിലുണ്ട്. ഇതനുസരിച്ച് അതാത് പഞ്ചായത്തുകളുടെ റെസല്യൂഷനും തദ്ദേശസ്വയംഭരണ വകുപ്പിന്റേയും, ധനകാര്യ വകുപ്പിന്റേയും അനുമതിയും ആവശ്യമാണ്. ഈ റോഡുകൾ 8 മീറ്റർ വീതി യുള്ളതും, കുറഞ്ഞത് 2 പഞ്ചായത്തുകൾ വഴി കടന്നു പോകുന്നതും, 2 പൊതുമരാമത്ത് വകുപ്പ് റോഡുകളെ ബന്ധിപ്പിക്കേണ്ടതും, റഗുലർ ആയി ബസ് സർവ്വീസ് ഉള്ളതുമായിരിക്കണം എന്നതാണ് വ്യവസ്ഥ.<br><br>ജനപ്രതിനിധികളുടേയും പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ ഭാരവാഹികളുടേയും അപേക്ഷകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ വിവിധ ജില്ലകളിലെ റോഡുകൾ ഫണ്ടിന്റെ ലഭ്യതയുടെ അടിസ്ഥാനത്തിൽ |

| | | | |
|---|---|---|---|
| | | | പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്ന കാര്യം പരിശോധിക്കുന്നതിനായി റോഡുകളെ ODR (Other District Roads), MDR (Major District Roads) എന്ന് തരം തിരിക്കുന്ന തിനുള്ള മാനദണ്ഡങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പുമായികൂടിയാലോചിച്ച് തീരുമാനിക്കുവാൻ പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. |
| (സി) | അടിയന്തര പ്രാധാന്യവും റോഡുകളുടെ വ്യാപ്തിയും പരിഗണിച്ച് ഗ്രാമീണ റോഡുകളുടെ നവീകരണത്തിന് പ്രത്യേക ഫണ്ട് ലഭ്യമാക്കാൻ സന്നദ്ധമാകുമോയെന്ന് വിശദമാക്കുമോ? | (സി) | ഗ്രാമീണ റോഡുകൾ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ അധീനതയിലാണ്. കഴിഞ്ഞ കാലങ്ങളിൽ ഒറ്റത്തവണ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരണ പ്രവർത്തികൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനായി പ്രത്യേക ഫണ്ട് സംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ല. ഈ സാഹചര്യത്തിൽ പൊതുമരാമത്ത് വകുപ്പ് ഇത് നവീകരിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**